TED (15/19)6145D7
(Revision – 2015/19)

**1510230146**

Reg. No……………………
Signature ………………….

# DIPLOMA EXAMINATION IN ENGINEERING/TECHNOLOGY/ MANAGEMENT/COMMERCIAL PRACTICE, NOVEMBER – 2023

## SHORHAND MALAYALAM 50 WPM

### PART A- SPEED

Maximum marks:50

[Time for dictation: 7 mts]
[Time for transcription: 1½ hrs]

രാജ്യത്ത് സ്വവർഗ വിവാഹത്തിന് നിയമ സാധുത നൽകണമെന്ന ഹർജി സുപ്രിം കോടതി ഭരണഘടനാ / ബെഞ്ച് തള്ളിയതോടെ സ്വവർഗ വിവാഹം നിയമപരമാക്കിയ രാജ്യങ്ങൾക്കൊപ്പം ഇന്ത്യയും ചേരുമോ എന്ന // കാത്തിരിപ്പിനു വിരാമമായി. സ്വകാര്യത മൗലികാവകാശം ആക്കിയ 2017 ലെയും സ്വവർഗ ലൈംഗികത /// കുറ്റമല്ലെന്ന് 2018 ലെയും ചരിത്ര വിധികളുടെ പശ്ചാത്തലത്തിൽ രാജ്യം വലിയ ആകാംക്ഷയോടെ ആണ് വിവാഹ സാധുത വിഷയത്തിലെ (1) സുപ്രിം കോടതി വിധി കാത്തിരുന്നത്. സ്വവർഗ വിവാഹം ഇന്ത്യൻ കുടുംബ വ്യവസ്ഥയ്ക്ക് / എതിരാണെന്നും ഇക്കാര്യത്തിൽ കോടതി അല്ല, പാർലമെന്റാണ് തീരുമാനം എടുക്കേണ്ടത് എന്നുമുള്ള // കേന്ദ്ര സർക്കാർ നിലപാടും വിധി-യെന്തായിരിക്കും എന്ന ജിജ്ഞാസ ഉണർത്തിയിരുന്നു .

രാജ്യത്ത് /// പ്രായപൂർത്തി ആയവർക്ക് ഒരുമിച്ച് ജീവിക്കാനും വിവാഹം കഴിക്കാനും അനുമതി ഉണ്ടെന്നിരിക്കെ (2) സ്വവർഗം എന്നതിന്റെ പേരിൽ മാത്രം വിവാഹത്തിനുള്ള നിയമസാധുത നിഷേധിക്കരുതെന്നാണ് / ഹർജിക്കാർ ആവശ്യപ്പെട്ടത്. പുരുഷനെയും സ്ത്രീയെയും മാത്രം കാണുന്ന നിലവിലെ പ്രത്യേക വിവാഹ നിയമത്തെയാണ് // ഹർജിക്കാർ ചോദ്യം ചെയ്തത്. സ്വവർഗ ലൈംഗികത കുറ്റകൃത്യമായി കണ്ടു പോന്നിരുന്ന ഇന്ത്യൻ ശിക്ഷാനിയമം 377ആം /// വകുപ്പ് കോടതി റദ്ദാക്കിയെങ്കിലും പല നിയമ പരിരക്ഷകളും നിഷേധിക്കപ്പെടുന്നെന്നു ഹർജിക്കാർ (3) കോടതിയിൽ വാദിച്ചു. കുട്ടികളെ ദത്തെടുക്കൽ, പിന്തുടർച്ചാവകാശം , സംയുക്ത ബാങ്ക് അക്കൗണ്ട് ഇൻഷുറൻസ് പോളിസി, / വിരമിക്കൽ ആനുകൂല്യം തുടങ്ങിയ വിഷയങ്ങളിലാണ് സ്വവർഗ ദമ്പതിമാർ പ്രശ്നങ്ങൾ നേരിടുന്നത് .

നിയമ // സാധുത എന്ന ആവശ്യം ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബെഞ്ച് തള്ളി എങ്കിലും ഈ വിഷയത്തിലെ തുടർ ചർച്ചകൾക്കുള്ള സാദ്ധ്യതകൾ ///തുറന്നിട്ടു എന്നത് പ്രധാനമാണ് . പ്രത്യേക വിവാഹ നിയമത്തിൽ മാറ്റം വരുത്തി സ്വവർഗ വിവാഹം കൂടി (4) അംഗീകരിക്കണം എന്ന ഹർജിക്കാരുടെ വാദത്തെ ചീഫ് ജസ്റ്റിസ്

ഭാഗികമായി അനുവദിക്കുകയുണ്ടായി. അതെ / സമയം നിയമനിർമാണത്തിലേക്ക് കടക്കാൻ കോടതിക്ക് അവകാശമില്ലെന്നും ഇക്കാര്യത്തിൽ പാർലമെന്റാണ് തീരുമാനം // എടുക്കേണ്ടതെന്നും അദ്ദേഹം വ്യക്തമാക്കി . പ്രത്യേക വിവാഹ നിയമം റദ്ദാക്കാൻ കോടതിക്ക് കഴിയില്ലെന്നും പ്രസ്താവിച്ചു .

വിവാഹം /// സാമൂഹിക വിഷയമാണെന്നും ഇടപെടാൻ ആവില്ലെന്നുമാണ് ജസ്റ്റിസ് ഭട്ട് വിധി ന്യായത്തിൽ വ്യക്തമാക്കിയത് . വിവാഹമെന്നത് (5) ആചാരങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട പല വ്യക്തിനിയമങ്ങളും ഉണ്ട്. അതിൽ ./ വരുത്തുന്ന മാറ്റം എല്ലാവരും ഉൾക്കൊള്ളാണമെന്നില്ല എന്ന അദ്ദേഹത്തിൻറെ വിധിപ്രസ്താവം ഇന്ത്യൻ യാഥാർഥ്യം // ഉൾക്കൊണ്ട് കൂടി ഉള്ളതാണെന്നു പറയാം

ഈ വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും /// പഠിക്കാൻ കമ്മിറ്റിയെ നിയോഗിക്കണമെന്ന കാര്യത്തിൽ ബെഞ്ചിലെ മുഴുവൻ അംഗങ്ങൾക്കും ഒറ്റക്കെട്ടായ (6) അഭിപ്രായമാണുള്ളത് . തങ്ങൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ പരമോന്നത ` നീതിപീഠത്തിൻറെയും പൊതുസമൂഹത്തിന്റേയും ശ്രദ്ധയിൽ എത്തിക്കുന്നതിൽ / എന്തായാലും ഹർജിക്കാർ വിജയിച്ചു. ലൈംഗികാഭിമുഖ്യം വെളിപ്പെടുത്താൻ നിർബന്ധിക്കുന്നത്, ഒന്നിച്ചു // കഴിയുന്ന സ്വവർഗ പങ്കാളികളെ വീടുകളിലേക്ക് നിർബന്ധിച്ചു പറഞ്ഞു വിടുന്നത് ,ദത്തെടുക്കാനുള്ള അവകാശം /// നിഷേധിക്കുന്നത് തുടങ്ങിയ വിഷയങ്ങളിൽ കോടതിയുടെ ഭാഗത്തുനിന്ന് പുരോഗമനപരമായ നിരീക്ഷണങ്ങളും നിർദ്ദേശങ്ങളുമാണു ഉണ്ടായിട്ടുള്ളത് (7)

***************************

TED (15/19) 6145
(Revision – 2015/19)

**1510230146**

Reg. No……………………
Signature ………………….

**DIPLOMA EXAMINATION IN ENGINEERING/TECHNOLOGY/ MANAGEMENT/COMMERCIAL PRACTICE, NOVEMBER – 2023**

# SHORTHAND MALAYALAM 50 WPM (Speed & Theory)
## Section B- Theory

[Maximum Marks: **50**] [Time: **1** ½ Hours]

**PART-A**

മാർക്ക്

I. ആദ്യത്തെ 10 ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക

1. ൽ , ൾ ഹുക്ക് വിശദമാക്കുക
2. ഫ, വ, സക , മേൽപ്പോട്ടെഴുതുന്ന നേർരേഖ ഇവ കഴിഞ്ഞു വരുന്ന ല , ള രേഖ എഴുതുന്നതെങ്ങിനെ ?
3. ഒരു വാക്കിൻറെ ആദ്യം കം , കൺ , കോഗ് , ശബ്ദങ്ങൾ വന്നാൽ എങ്ങിനെയാണ് അടയാളപ്പെടുത്തുന്നത് ?
4. സൂക്ഷ്മരേഖകൾ എന്നാൽ എന്ത് ?
5. ദീർഘ സ്വരങ്ങൾ എത്ര എണ്ണം ? അവ ഏവ ?
6. ജനവരി എന്ന വാക്ക് ചുരുക്കെഴുത്തിൽ എഴുതുക .
7. ആദ്യ ഹ്യൂക്കോ വൃത്തമോ ഇല്ലാത്ത നേർവരയിൽ ഷൻ ഹുക്ക് അടയാളപ്പെടുത്തുന്നതെങ്ങിനെ .
8. ആവർത്തന വാക്ക് രേഖപ്പെടുത്തുന്നതെങ്ങിനെ?
9. ഒരു രേഖയെ മ രേഖ കൊണ്ട് വെട്ടിയാൽ ഏതൊക്കെ വാക്കുകൾ കിട്ടുന്നു?
10. ഇരട്ട സ്വരങ്ങൾ എന്നാൽ എന്ത് ? (10x1=10)

II . അഞ്ച് ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക

1. ഗതിയെ അടിസ്ഥാനമാക്കി രേഖകളെ എത്രയായി തിരിച്ചിരിക്കുന്നു ?
2. സ്വരങ്ങൾ എന്നാൽ എന്ത് ?
3. നേർരേഖയിൽ ർ ഹുക്കും ൽ ഹുക്കും അടയാളപ്പെടുത്തുന്നതെങ്ങിനെ ?
4. ഹരി , ഓഫീസർ , എന്നിവയുടെ ചുരുക്കെഴുത്തു രൂപം എഴുതി ര , റ രേഖയുടെ നിയമം വ്യക്തമാക്കുക
5. ഒയ അടയാളത്തിൻറെ സ്ഥാനനിർണ്ണയം വിവരിക്കുക . (3x2=6)

III. നാലു ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക .

1. സ , ശ വൃത്തത്തെപ്പറ്റി വിവരിക്കുക.
2. അന്ത്യ ഹുക്കുകളായ ൻ, ൺ എന്നിവ രേഖകളോട് ചേർക്കുന്ന വിധം ഉദാഹരണ സഹിതം വ്യക്തമാക്കുക.
3. ഹ രേഖ എത്ര വിധം ? ഏതെല്ലാം ? ഓരോ ഉദാഹരണം വീതം എഴുതുക.
4. സ്വരങ്ങൾ എന്നാൽ എന്ത് ? എത്ര എണ്ണം ? അവ ഏവ ? (3x3=9)

IV. താഴെ പറയുന്ന വാക്കുകളും ഫ്രെയ്സുകളും ചുരുക്കെഴുത്തിലെഴുതുക (10x½ =5)


1. ഫിലിം
2. വലിയ ലാഭം
3. ഇൻസ്ട്രക്ടർ
4. ഇടങ്ങഴി
5. ഫാദർ
6. റെക്കഗ്നിഷൻ
7. രാജശാസനം
8. സെക്യൂരിറ്റി ഓഫിസർ
9. നിയോജകമണ്ഡലം
10. മിൽക്ക് സൊസൈറ്റി

V. താഴെ കൊടുത്തിരിക്കുന്നത് ചുരുക്കെഴുത്തിലാക്കുക

ഹോമിയോ മരുന്നുകൾ ഉത്പാദിപ്പിക്കാനുള്ള ആരോഗ്യവകുപ്പിന്റെ പദ്ധതിയുടെ ഭാഗമായി സഹകരണാടിസ്ഥാനത്തിൽ ഹോമിയോപ്പതിക് ഫാർമസി ആരംഭിക്കുന്നതിനു അഞ്ചു ലക്ഷം രൂപ ഓഹരി മൂലധനത്തോട് കൂടിയ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്തിരിക്കുന്നു . ഇതിൽ 50 ശതമാനം ഓഹരികൾ സംസ്ഥാന ഗവണ്മെന്റിനും ബാക്കി 50 ശതമാനം ഓഹരികൾ പൊതുജനങ്ങൾക്കും ഉള്ളതായിരിക്കും . പ്രതിവർഷം ഇരുപതു ലക്ഷം രൂപയുടെ മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിനു വിഭാവനം ചെയ്തിരിക്കുന്നു.

(1x10 =10)

VI. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക .



(1x10=10)

******************************